# സ്പർശം' 19



*Digital Magazine*

**GOVT: HIGH SCHOOL, NELLIKUZHI**



# ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ്സ്

# പത്രാധിപസമിതി അംഗങ്ങൾ



സി.പി.അബു

Chief Editor



സന്തോഷ് ദാമോദരൻ

Staff Editor



കെ.ബിസജീവ്

Staff Editor



മഞ്ജു .എം

Staff Editor



വിശാഖ് മനോജ്

Student Editor



മുഹമ്മദ് ബഷീർ

Student Editor



ജെൽജോ ജോസ്



ഷാഹിദ് റിയാസ്

# സന്ദേശം

ആധുനിക ലോകത്തിന്റെ വിസ്മയകരമായ വളർച്ചക്ക് വിവരവിനിമയ സാങ്കേതിക വിദ്യ നൽകിയുള്ള സംഭാവനകൾ ഏറെ ശ്ലാഘനീയമാണ്. ക്ലാസ്സ് മുറികളിൽ കുട്ടികൾക്ക് അനുയോജ്യമായ വിധത്തിൽ പഠന പ്രക്രിയകൾ രൂപപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യ നിസ്തുലമായ പങ്കാണ് വഹിച്ചുപോരുന്നത്.ലോകം കൈവിരൽത്തുമ്പിലൂടെ മുന്നേറുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിൻ പോലുള്ള ഉല്പന്നങ്ങൾ അത്യന്താപേക്ഷിതമാണ്.ഇതു വഴി ലളിതവും സമഗ്രവുമായ അറിവു ശേഖരണം നടത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനും സാധിക്കും.നെല്ലിക്കുഴി ഗവ:ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനോടൊപ്പം സാങ്കേതിക വിദ്യയുടെ വളർച്ചക്കും പ്രചാരണത്തിനും ഉതകുന്നതാകട്ടെ.



സജീവ് കെ.ബി

സീനിയർ അസിസ്റ്റന്റ്

## പത്രാധിപക്കുറിപ്പ്

അനുനിമിഷം വിസ്മയകരമായ കണ്ടുപിടുത്തങ്ങളും വിജ്ഞാന വിസ്ഫോടനങ്ങളും നടക്കുന്ന ,കൃത്രിമ ബുദ്ധിയുടേയും ( artificial intelligence ) റോബോട്ടിക്കിന്റേയും വർത്തമാനകാലത്ത് ശാസ്ത്രവും സാങ്കേതിക വിദ്യയും അതിന്റെ മാനുഷികഭാവം കൂടുതൽ തെളിമയോടെ അടയാളപ്പെടുത്തേണ്ടതുണ്ട്. നെല്ലിക്കുഴി ഗവ.ഹൈസ്ക്കൂളിലെ Little Kites അംഗങ്ങളുടെ എളിയ പരിശ്രമത്തിന്റെ ഉത്പന്നമാണ് സ്പർശം 19 സ്വതന്ത്ര സോഫ്റ്റ് വെയർ സിസ്റ്റം വഴി പരിചയപ്പെട്ട മലയാളം ടൈപ്പിംഗ് അടക്കമുള്ള സോഫ്റ്റ് വെയറുകൾ ഉപയെഗപ്പെടുത്തിയാണ് ഈ ഡിജിറ്റൽ മാഗസിൻ പിറവി കൊണ്ടിട്ടുള്ളത്.ഈ സംരംഭത്തിൻ പങ്കാളികളായ എല്ലാ ലിറ്റിൽ കൈറ്റുകൾക്കും അനുമോദനങ്ങൾ.വരും നാളുകളിൽ കൂടുതൽ മികച്ച പ്രവർത്തനങ്ങൾക്ക് ഈ ഉദ്യമം പ്രചോദനമാകട്ടെ.



\- അബു സി.പി

# മഞ്ഞ് തുള്ളി-കവിത

കുഞ്ഞു  തുള്ളികൾ

മഴ തുള്ളികൾ

പെയ്തിറങ്ങും മഴ തുള്ളികൾ

ലോല പരിശുദ്ധ തുള്ളികൾ കാണാൻ

ശോഭയേറും രാജ്ഞി കണക്കെ

മനം കവരും തുള്ളികൾ എന്നും

എനിക്കിഷ്ടമാണ് ക്രൂട്ടുകാരെ,

ചിന്തയിൽ എന്നെന്നും

കുളിരേകും ഈ

തുള്ളികൾ തുള്ളികൾ സർവത്ര.

മാനം തെളിഞ്ഞ നേരം

പൂത്തുമ്പി പറന്ന നേരം

പൂവാടിയിൽ എത്തുന്ന നേരത്തെ

എനിക്കിഷ്ടമാണെന്നും മഴ കാണുവാൻ

എനിക്കിഷ്ടമാണെന്നും മഴനഞ്ഞീടാൻ

അമ്മവരുന്നേരം ഉമ്മ തരുന്ന നേരം

കാണുന്നു ഞാനീ തുള്ളികൾ



അമ്മതൻ കണ്ണുകളിൽ

എത്ര സുന്ദരം

എന്തു ചേലാണ് കൂട്ടുകാരെ

## *കുളിരായ വാത്സല്യം*

അമ്മയെന്നൊരു പുണ്യ സ്വർഗം
വാത്സല്യമേറുന്ന അമ്മ മനസ്സ്.
അമ്മ എന്ന വാക്കിന്റെ ശക്തി
ദു:ഖങ്ങളെല്ലാം പൊഴിക്കും.
കാറ്റിനെ പോലെ തഴുകുമമ്മ
ദു:ഖങ്ങളെല്ലാം കൊഴിക്കുമമ്മ.
അടിയാലും വഴക്കാലും തകരുന്ന-
മനസിൽ കുളിരേകുമെൻ അമ്മ.
പൂന്തേൻ പോലെ മധുരമാണെന്നമ്മ
കുളിരേകുന്നൊരു പൊന്നമ്മ
തേൻ മധുരമായ മാതൃവാത്സല്യം
കാറ്റു തഴുകി എൻ മനസ്സിലെത്തും
കുറുമ്പുകൾക്കെല്ലാം കൂട്ടുനിന്നു
വാത്സല്യമേറുന്ന പൊന്നമ്മ
പൊന്നിനേക്കാൾ പൊന്ന
സ്നേഹം തുളുമ്പുന്ന അമ്മയാണെന്നമ്മ
പൊന്നമ്മ

*********

മുഫീദ കെ. എ.
ക്ലാസ്സ് VIII



## സ്നേഹമാണെന്റെ വാത്സല്യമേറുന്ന
## മനസ്സാണ് എന്റെ അമ്മ

ചേതനെ പോലെവേ വത്സല്യം തന്നതല്ലേ.......
പൂവറ്റ വാത്സല്യമല്ലോ........
സ്നേഹം പോലെയാണ് വാത്സല്യം....
പുഴക്കൾ ഒഴുക്കുന്നതു പോലെയാണ് വാത്സല്യം....
അമ്മയെന്ന പദ്യം കേട്ട മാത്രയിൽ വാത്സല്യമാണ്
വാത്സല്യമേറുന്ന മനസ്സാണ് അമ്മ...
അമ്മയെന്നൊരു പുണ്യ വാക്ക്...
അമ്മയാണ് സ്വർഗ്ഗം...
വാത്സല്യമേറുന്ന എന്റെ അമ്മ......
നന്മയുള്ള എന്റെ അമ്മ......
പാലുപ്പോലെ ഒഴുകുന്ന ആ വാത്സല്യം
എന്റെ അമ്മയുടെ സ്നേഹം...,
മധുരം പോലെയാണ്........
എന്റെ  അമ്മ നട്ടുപിടിപ്പിച്ചസ്നേഹം തുളുമ്പുന്ന-
ആ  ചെടി......
ആ ചെടിയിൽ ആ മധുരം തുളുമ്പുന്ന എന്റെ അമ്മ-
കുഞ്ഞിന് കരയുമ്പോൾ അമ്മിഞ്ഞ പാലുകൊടുത്തിട്ടും അമ്മ...
മധുരമായ മുത്തം തരുന്ന എന്റെ സ്നേഹമാണമ്മ.........

ഫാത്തിമാ ഫർഹാന
ക്ലാസ്സ് VIII



## മഴ തുള്ളികൾ

മഴ വന്നു മഴ തുള്ളിയും

മഴ തൻ സ്നേഹവും

മഴകൾ ഒന്നിച്ച് വന്നു

മഴകൾ ആശ്രയം തന്നു

പുഴകൾ മഴ കൊണ്ട് നിറഞ്ഞു

മഴകൾ കാണാൻ എനിക്കെന്നും ഇഷ്ടം

മഴകൾ കൊണ്ട് കുളിരേറി

ചെടികൾ ദാഹം കൊണ്ട് വലയാതെ

ഫായിസ ഫർസാന



## സ്നേഹത്തിൻ തുള്ളികൾ

രാഗരസത്തിൽ ഭൂമിയെ

തണുപ്പിക്കുമീ മഴത്തുള്ളികൾ

മേഘത്തിൻ കണ്ണുനീരെന്ന്

പണ്ടെപ്പോഴൊ കേട്ട ഒരുസ്മരണ

എന്റെ മനസ്സിൽവരുന്നു

ആകാശവാരിയിൽ നിന്നെപ്പോഴോ

ചിതറിവരുന്ന കുഞ്ഞു

മഞ്ചാടിച്ചെപ്പുകളാണിവ

ഭൂമിയിൽ വന്നുപതിക്കുന്നൊരി

മഴകാണുമ്പോൾ

മയിലുകൾ നർത്തനമാടും

മാനത്തു നിന്നൊരു വെള്ളിനൂൽ

മാതിരി  ഭൂമിയിൽ വന്നു

പതിക്കും മഴ

തോരാത്ത കർക്കിടക

പേമാരി ഒരു മഴ ഭൂമിതൻ

ദാഹമടക്കും പുതുമഴ

എത്ര തരം മഴയുണ്ടതും

കാണുവാൻ എന്തൊരു ചേലാണ് കൂട്ടുകാരെ

മഴ മഴ മഴ സർവം

ചൊരിയുന്ന ദേവി

തൻ അനുഗ്രഹമാണീ മഴ



-മരിയ കെ.മധു

ക്ലാസ്സ് V

# സ്വർണ്ണ നിറമുള്ള പൂമ്പാറ്റ

പണ്ട് പണ്ട് പൂങ്കാട് എന്നൊരു സ്ഥലം ഉണ്ടായിരുന്നു.അവിടെ സുന്ദരിയായ ഒരു പൂമ്പാറ്റ ഉണ്ടായിരുന്നു.അവൾ വളരെ പാവമായിരുന്നു.

അവിടെ കാണുന്ന ഏറ്റവും സുന്ദരമായ പൂന്തോട്ടത്തിൽ കയറി അവൾ ആദ്യം നിന്ന പൂവിൽനിന്ന് തേൻ കുടിച്ച് അടുത്ത പൂവിലേക്ക് തേൻ കുക്കാൻ കയറി.ആ ദുഷ്ടയായ പൂവ് അവളെ ആട്ടിയോടിച്ചു. പൂമ്പാറ്റ ചോദിച്ചു. " ഞാൻ എന്താണ് നിന്നോട് ചെയ്തത്?" അപ്പോൾ ആ പൂവ് പറഞ്ഞു. " ഈ നശിച്ച പൂമ്പാറ്റ.... നീ എന്റെ പുറത്ത് ഇരുന്നാൽ എന്നെ കാണാൻ വരുന്നവർ എന്ത് വിചാരിക്കും?" അവളുടെ വക്ക് കേട്ട് കുഞ്ഞി പൂമ്പറ്റ സങ്കടത്തോടെ പോയി.കുറച്ചുദിവസങ്ങൾ കഴിഞ്ഞ് കുറെ ആളുകൾ വന്നപ്പോൾ ആ ദുഷ്ടയായ പൂവ് വിചാരിച്ചു അവളെ കാണാൻ വരുന്നതാണെന്ന്.പക്ഷെ എല്ലാവരും ആ പൂമ്പാറ്റയുടെ അടുക്കലാണ് പോയത്.ആ പൂവ് വിചാരിച്ചു എത്ര സുന്ദരിയായാലും സ്നേഹമാണ് വലുതെന്ന്.അവൾക്ക് മനസ്സിലായി.അങ്ങനെ അവർ രണ്ടുപേരും കൂട്ടുകാരായി

ജിഫ്ന ജലീൽ



# <u>*അമ്മുവിന് കിട്ടിയസമ്മാനം*</u>

അമ്മു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. അവൾ പഠിക്കുന്നത് ഏഴാം ക്ലാസ്സിലാണ്. അവളുടെ ക്ലാസ്സിലെ എല്ലാ കുട്ടികളും നല്ല പണക്കാരാണ്.അവൾക്ക് പൈസയില്ലാത്തതു കൊണ്ട് അവളോട് കൂട്ട് കൂടാൻ ആരും തയ്യാറല്ലായിരുന്നു.ഒരു ദിവസം അവളുടെ ക്ലാസ്സിൽ ഒരാൺകുട്ടി പഠിക്കുവാനെത്തി.അവന്റെ പേര് അച്ചു എന്നാണ്.അവൻ അവളുടെ അടുത്താണ് ഇരുന്നത്. അവൾ സങ്കടത്തോടെ ഇരിക്കുന്നത് കണ്ട് അവൻ അവളുടെ അടുത്തിരിന്നു സംസാരിച്ചു.അങ്ങനെ കുറെ ദിസങ്ങൾ കഴിഞ്ഞു. ഒരുദിവസം അവൻ അവളോട് പറഞ്ഞു[1].ഞാൻ  കുടുംബത്തോടൊപ്പം ദുബായിൽ പോവുകയാണ് ഇനി മുതൽ  അവിടെയാണ്പഠിക്കുന്നത്.അങ്ങനെ പറഞ്ഞ് അവൻ അവളുടെ കൈയ്യിൽ ഒരു കത്ത് കൊടുത്തു. ആ കത്ത് അമ്മു വായിച്ചു.അതിൽ എഴുതിയിരുന്നത് ഇങ്ങനെ,നീ വിഷമിക്കണ്ട. ആത്മവിശ്വാസത്തോടെ ഇരുന്നാൽ മതി നിനക്ക് നൽ ഒരു കൂട്ടു കാരിയെ കിട്ടും. എന്നായിരുന്നു കത്തിൽ.അങ്ങനെ അവൻ പറഞ്ഞതുപോലെ ഒരുനാൾഅമ്മുവിന് അവളെ മനസിലാക്കിയ കൂട്ടുകാരിയെ കിട്ടി .അങ്ങനെ അവൾ ആഗ്രഹിച്ച സമ്മാനം കിട്ടി........

ഫായിസ ഫർസാന



---

1

## അധ്വാനമാണ് സമ്പത്ത്

മടിയൻ കുഞ്ഞുവിന്റെ  വീട്ടിൽ ഒരു ദിവസം രാവിലെ അമ്മാവൻ വിരുന്നിനു വന്നു.രാവിലെ ഒന്നും കഴിച്ചില്ല. വല്ലാതെ വിശക്കുന്നു എന്ന് പറഞ്ഞു. മടിയൻകുഞ്ഞു വേഗം അമ്മാവനൊരു ചക്കയുടെ മുറി പറിച്ചു കൊടുത്തു.ഹായ്, എന്തു മധുരം തീറ്റയ്ക്കിടയിൽ അമ്മാവൻ സന്തോഷം പ്രകടിപ്പിച്ചു.  പക്ഷേ എന്തു കാര്യം ഉച്ചക്കു തിന്നാനും രാത്രി തിന്നാനും ചക്കതുണ്ടു തന്നെയാണ് മടിയൻകുഞ്ഞു അമ്മാവനു നൽകിയത്. അതു കണ്ടപ്പോൾ അദ്ദേഹത്തി
ന്റെ ഭാവം മാറി. ഛെ.ഛെ.!എന്തായിത് ?. ചക്കയല്ലാതെ മറ്റൊന്നും തിന്നാനില്ലേ. അമ്മാവൻ ദേഷ്യത്തോടെ ചോദിച്ചു. ഇല്ല. "ഈ പ്ലാവിലെ ചക്ക വിറ്റാണു ഞാൻ ജീവിക്കുന്നത്".വേറെ-പണിയൊന്നും എനിക്കറിഞ്ഞൂടാ.... മനസ്സുണ്ടെങ്കിൽ തിന്നാൽ മതി.കുഞ്ഞു അമ്മാവനെ ശാസിച്ചു.അന്നു രാത്രിയിൽ ആ പ്ലാവു മുറിച്ചിട്ട് അമ്മാവൻ സ്ഥലം വിട്ടു. പിന്നെ ഒരു വർഷം കഴിഞ്ഞാണ് അമ്മാവൻ അതുവഴി വന്നത്. മടിയൻകുഞ്ഞു തന്നോട് ദേഷ്യപ്പെടുമോ എന്ന് അദ്ദേഹം ഭയപ്പെട്ടിരിന്നു. എന്നാൽ അവൻ ഓടിവന്ന് അമ്മാവനെ കെട്ടിപ്പിടികുകയാണ് ചെയ്തത്. അവൻ പറഞ്ഞു. അമ്മാവാ അന്ന് വെട്ടി മുറിച്ചത് വളരെ നന്നായി. അല്ലെങ്കിൽ  ചക്ക വിറ്റ്ഞാൻ അലസനായി കഴിഞ്ഞേനെ. ഇപ്പോൾ എന്റെ വളപ്പുനിറയെ പലതരം ഫലവൃക്ഷങ്ങളുണ്ട്. ഇതു കേട്ട് അമ്മാവന് സന്തോഷമായി..........

സുമയ്യ



## സുന്ദരിപൂച്ച



ഒരുദിവസം വീട്ടിൽ പാത്രം നിറയെപാൽ ഇരിക്കുന്നത് കണ്ടു.സുന്ദരി പൂച്ച പാത്രത്തിൽ തലയിട്ടുനോക്കി.അത് ആർത്തിയോടെ മോന്തി കുടിച്ചു.ആർത്തിതീരാത്ത പൂച്ച മറ്റൊരു പാത്രംകണ്ടു അതിൽ പാലുണ്ടായിരുന്നു ഓടി ചെന്ന് തലയിട്ട് നക്കി നോക്കി നാക്ക് പൊള്ളി പോയി...........ങ്യാവൂ......

**********

രാഹുൽ രാജീവ്



## ധർമിഷ്ഠനായ രാജാവ്

20 നൂറ്റാണ്ടുകൾക്ക് മുമ്പ് കിഴക്കൻപ്രദേശത്ത് മഹാപുരം എന്ന ഒരു -ദേശമുണ്ടായിരുന്നു.അവിടത്തെ രാജാവ് ധർമിഷ്ടനും,സത്യസന്തനും-ആയിരുന്നു.അവിടത്തെ ജനങ്ങൾ സന്തോഷത്തോടെയും സമാധാ-നത്തോടെയും ആയിരുന്ന ജീവിച്ചിരുന്നത്.ഈരാജ്യത്ത് ഒരു അനീതിയും നടന്നിരുന്നുമില്ല. തന്റെരാജ്യത്തെ ജനങ്ങൾ സന്തോ-ഷത്തിന്റെയും സമൃതിയുടെയും നേരായവഴിക്കുനടക്കണം എന്ന ലക്ഷ്യം രാജാവിന്റെ മനസ്സിൽ എല്ലാ സമയത്തും ഉണ്ടായിരുന്നു. അദ്ദേഹം ജനങ്ങൾക്കുവേണ്ടി ആയിരുന്ന നിലകൊള്ളുന്നത് ഇതിനു കാരണം അദ്ദേഹം തന്റെ രാജ പദവി ഏറ്റെടുത്തപ്പോൾ അദ്ദേഹമെടുത്ത-

പ്രതിജ്ഞയിലെ ഓരോ വാക്കും നിറവേറ്റുമെന്നും ഇതിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ ഈ പദവി ഉപേക്ഷിക്കുമെന്നും തന്റെ പിതാവിന് വാക്ക് കൊടുത്തിരുന്നു.അന്നുമുതൽ അദ്ദേഹം ധർമിഷ്ഠനായ രാജാവ് എന്നപേരിൽ അറിയപ്പെട്ടു.

താജുദ്ദീൻ



## കണ്ണീർ മഴ

**മഴ!**

**കോരിച്ചൊരിയുന്ന മഴ!**

**മഴ കാണാൻ അവനെന്നും ഇഷ്ടമായിരുന്നു.പക്ഷെ ഇന്നത്തെ മഴ അവന്റെ കണ്ണുകളെ ഈറനണിയിച്ചു.      കാരണം വീടിനടുത്തുള്ള മറ്റു ജനങ്ങളുടെയും വീട് നശിപ്പിച്ചാണ് മഴ പോയത്. അന്നു മുതൽ അവൻ മഴയെ വെറുക്കാൻ തുടങ്ങി.എന്നും മഴപെയ്യുമ്പോഴുണ്ടാകുന്ന സന്തോഷം അതെല്ലാം മാഞ്ഞ് കളഞ്ഞു. ആ മഴ അവന് നൽകിയത് സന്തോഷമായിരുന്നില്ല.അണപൊട്ടിയ ദുഃഖമായിരുന്നു.ആകാശത്ത്നിന്ന് വീഴുന്ന മഴത്തുള്ളികൾ പോലെ അവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി. റോഡുകളിലും,പുഴകളിലും ഒരുപോലെ വെള്ളം.അവന് ഈ ലോകത്ത് ഏറ്റവും സന്തോഷം നൽകിയ മഴ അവന് ഏറ്റവും ദുഃഖവും നൽകിയപ്പോൾ അത് ഒരു കണ്ണീർ മഴയായി അവന് തോന്നി...........**



**മുഹമ്മദ് ഹുസൈൻ**

## കറുത്ത രാത്രികൾ

എന്റെ വല്യച്ചനും വല്യമ്മയും അന്നത്തെ ആ മഹാപ്രളയത്തിന്റെ ഒഴുക്കിൽ പെട്ട് കാണാതായ അന്ന് മുതൽ ഞാൻ ഈ വിശാലമായ ലോകത്തിൽ ഏറ്റവും കൂടുതൽ വെറുക്കുന്നത് മഴയെയാണ്.പണ്ട് എന്റെ ജീവിതത്തിൽ ഞാൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് മഴയെയായിരുന്നു.അന്ന് ഒരു ഓണനാളിൽ ഞാനും എന്റെ ചേച്ചിയും ഓണപ്പൂക്കൾ ഇട്ടുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ പെട്ടന്ന് ഒരു ഭയാനകമായ ശബ്ദം കേൾക്കാൻ ഇടയായി. അത് വീടിന്റെ പിന്നാമ്പുറത്തു നിന്നായിരുന്നു.ഞങ്ങൾ ഓടികിതച്ച് അവിടെ എത്തിയപ്പോൾ കണ്ടത് വളരെ വിഷമകരമായ ഒരു കാഴ്ചയായിരുന്നു.പാവം എന്റെ പൂച്ചയെ ഒരു നായ കടിച്ചുകൊണ്ട് പോവുന്നു.ഞങ്ങൾ പട്ടിയെ കല്ലുകൊണ്ട് എറിഞ്ഞ് വീഴ്ത്തി.അത് കരഞ്ഞു കൊണ്ട് ഓടിപ്പോയി.എനിക്ക് എന്റെ പൂച്ചയെ തിരിച്ചുകിട്ടി.അന്ന് ഒരു ഉച്ചയോടുകൂടി ഞങ്ങളോട് വീട്ടിൽ നിന്ന് മാറിതാമസിക്കാൻ പറഞ്ഞുകൊണ്ടുള്ള പ്രഖ്യാപനമെത്തി.ഞങ്ങൾ വീട്ടിൽ നിന്ന് ഇറങ്ങേണ്ട താമസം അതിനുള്ളിൽ വീടും പരിസരവും വെള്ളത്തിൽമുങ്ങി.ഞങ്ങൾക്ക് എങ്ങോട്ട് പോവണമെന്ന് ഒരു നിശ്ചയവും ഇല്ലായിരുന്നു. വല്യച്ചന്റെയും വല്യമ്മയുടെയും കരച്ചിൽ കേട്ടു. അവർ ഇരുവരും ആ മഹാപ്രളയജലത്തിൽ മുങ്ങിതാഴ്ന്നു കൊണ്ടിരുന്നു. ഞങ്ങൾക്ക് ആ ദയനീയമായ കാഴ്ച കണ്ടുകൊണ്ടിരിക്കുകയല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ല. പ്രളയജലം താഴ്ന്നു എന്ന വാർത്തകേട്ട് സന്തോഷത്തിലിരിക്കുമ്പോഴാണ് ഒരുകൂട്ടം പോലീസുകാർ വീട്ടിലേക്ക് വന്നത്. അവർ രണ്ടുപേരുടെയും ജഢം പുഴയുടെ അരികിൽ കമിഞ്ഞ്കൂടിക്കിടന്ന ചപ്പുചവറുകൾക്കിടയിൽ നിന്നും കിട്ടിയിരിക്കുന്നു. വളരെ ഏറെ ദുഃഖത്തോടെ ആയിരുന്നു ഞങ്ങൾ ആ വാർത്തകേട്ടത്. അന്ന് വല്യച്ചനെയും വല്യമ്മയെയും മഹാപ്രളയം എടുത്തുകൊണ്ടുപോയ ഇരുളാർന്ന ആ രാത്രിമുതൽ എന്റെ ജീവിതത്തിൽ ഞാൻ ഏറ്റവും വെറുക്കുന്നത്

മഴയെയാണ്.എനിക്ക് സംഭവിച്ച ദുർവിധി മറ്റാർക്കും വരാതിരിക്കട്ടെ..........

പ്രണവ്യ കെ.മധു



## സങ്കടത്തിന്റെ ദിവസങ്ങൾ

പണ്ട് പണ്ട് കുട്ടനാട്ടിൽ ഒരു പാവപെട്ട കുടുംബത്തിലാണ് അപ്പു എന്ന കുട്ടി- താമസിക്കുന്നത്. അവ ഒരു ചെറിയ കുടുംബമാണ്. അപ്പുവിന്റെ വിട്ടിൽ അചഛനും അമ്മയും ഒരു അനിയത്തിയും ഉണ്ട് .
എല്ലാ വൈകന്നേരവും അവിടെ മഴയുണ്ടായിരുന്നു.മഴ അവന് വളരെ ഇഷ്ടമാണ്.അവൻ എന്നും മഴയത്തുകളിക്കും.അവന്റെ
അമ്മ എപ്പോഴും പറയും മഴയത്ത് കളിക്കരുതെന്ന്.അമ്മയുടെ വാക്ക് അനുസരിക്കാതെ അവൻ കളിക്കും. അപ്പോൾ അനിയത്തി മുട്ടുകുത്തിവന്ന് അവന്റെ കൂടെകളിക്കും. അപ്പോൾ അവന്റെ അമ്മാവൻ കുട്ടിയെ എടുത്ത് കൊണ്ട് പോകും. അങ്ങനെ വളരെ സന്തോഷത്തോടെയാണ് അവൻ കഴിഞ്ഞിരുന്നത്.അങ്ങനെയൊരിക്കൽ മഴകാരണം പ്രളയം വരുന്നു എന്ന വാർത്തയറിഞ്ഞത് അന്ന് അവർക്കൊരു കല്യാണം ഉണ്ടായിരുന്നു.
അവർ അവിടെ പോയിതിരിച്ച് വന്നപ്പോൾ ആണ് അറിഞ്ഞത് അവരുടെ വിട്ടിൽ വെള്ളം കയറിയെന്ന് . അവന്റെ അച്ഛനും അമ്മയ്ക്കും വളരെ സങ്കടമായി.അവർ കരഞ്ഞു കൊണ്ടിരിക്കുന്പോഴാണ് ഒരുപാട് ആളുകൾ വന്ന് അവരെ രക്ഷിച്ചത്.അങ്ങനെ മഴകാണാൻ ഇഷ്ടമായിരുന്ന അപ്പുവിന് മഴകാരണം വീടുനഷ്ടപ്പെട്ടു.അങ്ങനെ വെള്ളം ഇറങ്ങി അവർ തിരിച്ചു വീട്ടിൽ

പോയി.വീട്ടിലെ സാധനങ്ങൾ നശിച്ചു പോയി.അവന്റെ അമ്മ പറഞ്ഞു നമ്മുടെ എല്ലാം പോയി.എല്ലാം നഷ്ടപ്പെടുന്ന ആ വിഷമം ഞാൻ അറിഞ്ഞു......

അസ്ന കെ.എസ്സ്.




## മഴയാണ് ഒരു മഴ

ഒരു ദിവസം ഞാൻ വീട്ടിൽ നിന്ന് കളിച്ചുകൊണ്ടിരിക്കെ ആകാശം കറുത്തിരുണ്ടു.അപ്പോൾ തന്നെ കല്ലു ചാടുന്നതുപോലുള്ള ഒരു മഴ പെയ്തു.ഞാൻ വീടിനുള്ളിലേക്ക് ഓടിക്കയറി.എന്തുതണുപ്പ് ഞാൻവീട്ടിൽ കയറി ഒരു ചൂടൻ ചായ കുടിച്ചശേഷം കട്ടിലിൽ കിടന്നുറങ്ങി.കുറച്ച്നേരം കഴിഞ്ഞപ്പോൾ ഞാൻ കണ്ണ് ഒന്ന് തുറന്നു.അപ്പോഴും മഴ പെയ്യുകയായിരുന്നു. ഉറക്കത്തിൽ നിന്ന് ഉണർന്നപ്പോൾ സമയം ഏഴ് മണി.സമയം നോക്കിയതിനുശേഷം വീണ്ടും കിടക്കാൻ പോയപ്പോൾ ഉമ്മയുടെ വലിയശബ്ദം ഞാൻ കേട്ടു.ഞാൻ ഓടി ഉമ്മയുടെ അടുത്തുചെന്നു.അപ്പോൾ ഉമ്മ മുറ്റത്തേക്ക് കൈ ചൂണ്ടികൊണ്ട് പറഞ്ഞു മുറ്റത്തേക്കൊന്ന് നോക്കിയെ. ഞാൻ കണ്ണുതിരുമ്മിക്കൊണ്ട് മുറ്റത്തേക്ക് നോക്കി.ഞാൻ അൽഭുതപെട്ടുപ്പോയി,ഒരു പുഴപ്പോലെത്തായിരുന്നു മുറ്റം.ഞാൻ ഒന്ന് ഇറങ്ങി നോക്കി. എന്റെ മുട്ടോളം വെള്ളം കയറിക്കഴിഞ്ഞു.ഞാൻ പറഞ്ഞു വെള്ളംക്രൂടുന്നതിനു മുമ്പ് നമുക്ക് ഇവിടെ നിന്ന് പോകാം.ശരി എന്ന് ഉമ്മയും,വാപ്പയും പറഞ്ഞു.ഞങ്ങളെല്ലാവരും ആവശ്യമായ സാധനങ്ങൾ കട്ടിലിനു മുകളിൽ കയറ്റിവച്ചു.അപ്പോൾ തന്നെ മാമാനെ വിളിച്ചു.മൊബൈലിൽ ബാലൻസ് ഉണ്ടായിരുന്നില്ല.ഞങ്ങൾ വീടിന്റെ പുറകുവശത്തുക്രൂടി ഇറങ്ങി.അതിനുശേഷം എന്റെ ഇക്കാക്ക നീന്തി അയൽവക്കത്തുള്ള

ഒരാളുടെ മൊബൈൽ വാങ്ങി മാമായെ വിളിച്ചു.അപ്പോൾ തന്നെ മാമ വന്നു. അപ്പോഴും മഴ പെയ്യുന്നുണ്ടായിരുന്നു.മാമ ഒരു വലിയ ജീപ്പുമായി വന്നു.ഞങ്ങൾ അതിൽ കയറി മാമായുടെ വീട്ടിലേക്ക് പോയി.വീട്ടിൽ ഞങ്ങൾ എത്തിയപ്പോൾ മഴ ഒന്ന് കുറഞ്ഞിരുന്നു.ഞങ്ങൾ അവിടെ നടന്നതെല്ലാം അവരോട് പറഞ്ഞു.അപ്പോൾ മാമ പറഞ്ഞു. കാനയി- ലേക്കുള്ള ഓവ് അടഞ്ഞിരിക്കുന്നതാവും അതൊന്ന് മാറ്റിയാൽ മതിയാകും.മാമായും,വാപ്പയും ക്രൂടി ചെന്ന് നോക്കിയപ്പോൾഅവിടെ ഇലകളും കുപ്പികളും വന്ന് ഓവിൽ തങ്ങിനിൽക്കുകയായിരുന്നു.അത് അവർ കോലിട്ട് കുത്തി ഇളക്കി കളഞ്ഞു.അപ്പോൾതന്നെ കുമിളകൾ വന്ന് വെള്ളം ഇറങ്ങി.അപ്പോഴും മഴ പെയ്യുകയായിരുന്നു.വാപ്പ ഞങ്ങളെ ക്രൂട്ടി തിരിച്ച് വീട്ടിലേക്ക് വന്നപ്പോൾ ഒരു തുള്ളി വെള്ളംപ്പോലും ഉണ്ടായിരുന്നില്ലാ.പക്ഷെ ഞങ്ങൾ അവിടെ നിന്ന് പോയപ്പോൾവെള്ളത്തിനൊപ്പം പാമ്പും,തേളും, പഴുതാരയും ഒക്കെയുണ്ടായിരുനനു.കട്ടിലിന്റെ പകുതിവരെ വെള്ളം കയറി.”പിറ്റെ ദിവസം"അപ്പോഴും മഴ പെയ്യുകയായിരുന്നു. ഞാൻ സ്ക്രൂളിൽ ചെന്ന് ക്രൂട്ടുകാരോട് ഈ കഥകളെല്ലാം പറഞ്ഞു.ക്രൂട്ടുകാർ അൽഭുതപ്പെട്ടു.എന്റെ വീട് ഒ കാണാൻ പിറ്റെ ദിവസം ക്രൂട്ടുകാർ വന്നു.ഞങ്ങൾ അവിടെ കുറച്ച്നേരം കളിച്ചു.ഇങ്ങനെ ഒരു മഴ പെയ്യുതായി ആരും കണ്ടിട്ടില്ല.അത്രയും ആയിരുന്നു ആ മഴ.ഞങ്ങൾ വീട്ടിലിരുന്ന് ഇതിനെ കുറിച്ച് ബഹളവുംഒക്കെയായിരുന്നു. ഞങ്ങൾ കിടന്നത് തന്നെ പഴയൊരുകെട്ടിടത്തിലായിരുന്നു.

അടുത്തുള്ള ഷെഡ്ഡ് പൊളിഞ്ഞ്ചാടി.ആ പെയ്യ മഴ ഒരു മഴ വെള്ളപൊക്കമായിരുന്നു........

അഞ്ജുമൽ അസീസ്



# മഴ വേണ്ട

ഒരിടത്ത് അപ്പു എന്ന കുട്ടി താമസിച്ചിരുന്നു.അവന് മഴ കാണാൻ നല്ല ഇഷ്ടമാണ്.ഒരു ദിവസം മഴ അവന്റെ കണ്ണുകളെ ഈറനണിയിപ്പിച്ചു.കാരണം.അതിശക്തമായ മഴയും, കാറ്റും , ഇടിയോടുകൂടിയതായിരുന്നു ആ മഴ.അവൻ പേടിച്ച് കരയാൻ തുടങ്ങി.കരച്ചിൽ കേട്ട് അവന്റെ അമ്മ ഓടിവന്ന് ചോദിച്ചു,മോനെ നീ എന്തിനാണ് കരയുന്നത്?അവൻ പറഞ്ഞു എനിക്ക് പേടിയാകുന്നു കാരണം ഇത് എന്തു ശക്തമായ മഴയാണ്

.എനിക്ക് പേടിയാകുന്നു.എന്തിനാണ് പേടിക്കുന്നത് നിനക്ക് മഴ നല്ല ഇഷ്ടമല്ലേ?പക്ഷെ ഈ മഴ എന്നെ വല്ലാതെ പേടിപ്പിച്ചു എന്തൊരു ഇടി,കാറ്റ്.അവൻ പറഞ്ഞുനിർത്തുന്നതിനുമുമ്പ് വീടിന്റെ പുറകുവശത്തുനിന്ന് ഒരു വലിയ ഒച്ചകേട്ടു.അവനും,അമ്മയുംഓടി. അവനായിരു-ന്നു മുന്നിൽ.അവൻ അവിടെ നിന്ന് കരയാൻ

തുടങ്ങി.അമ്മ ചോദിച്ചു.നീ പിന്നെയുംകരയുകയാണോ?

എങ്ങനെ കരയാ-തെ ഇരിക്കും,അതാ നോക്ക് കഷ്ട പെട്ട് പരിപാലിച്ച മരം ഒടിഞ്ഞുപോയി.സാരമില്ല,നമുക്ക് വേറെ മരം നടാം . ഞാൻ എത്രയോ മരംനട്ടു അമ്മയും,അച്ചനും വെട്ടികളഞ്ഞില്ലേ. അമ്മയെകൊണ്ടും അച്ചനെകൊണ്ടും വെട്ടിക്കാതെ നിർത്തിയ മരവും പോയി.എനിക്കിനി മഴയെ പേടിയില്ല. എന്തൊരു വൃത്തികെട്ട മഴ.എനിക്ക് ഇത്രയും നാളും മഴ നല്ല ഇഷ്ടമായിരുന്നു.ഞാൻ മഴയോട് എന്ത് ചെയ്തിട്ടാണ്?അവൻ എന്നോട് ഈ ക്രൂരത കാണിച്ചത്.എനിക്കിനി മഴയെ ഇഷ്ടമല്ലാ.എനിക്കിനി വേനലിനെ മാത്രമാണ് ഇഷ്ടം.അമ്മ പറഞ്ഞു,അങ്ങനെയൊന്നും പറയല്ലെ മോനെ.അവൻ മുഖം വെട്ടിച്ചുകൊണ്ട് അകത്തേക്കുപോയി.ദിവസങ്ങൾക്കു ശേഷം കൊടും വേനൽ വന്നു.അവന്റെ വീട്ടിലെ വെള്ളമെല്ലാം വറ്റി. ആ നാട്ടിലുള്ളവർക്ക് ഒരു തുള്ളി വെള്ളം പോലും കിട്ടിയില്ലാ. അന്നുവരെ അവർക്ക് മഴ വേണ്ട എന്നായിരുന്നു എന്നാൽ ഇന്ന്

അവരുടെ പ്രാർത്ഥന മഴ പെയ്യട്ടെ എന്നാണ്.കിണർ അപ്പുവിന്റെ വീട്ടിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്.അപ്പു ഒച്ചവച്ചുകൊണ്ട് പറഞ്ഞു മഴ ഒട്ടുംവേണ്ട.അപ്പുവിന്റെ അമ്മ ഓടിവന്നു ചോദിച്ചു എന്താണ് പറയുന്നത്?അപ്പു പറഞ്ഞു അമ്മയ്ക്കെന്താണ് ഇങ്ങനെ പറഞ്ഞാൽ?നമുക്ക് കിണറുണ്ട് അതില് നിന്ന് നമുക്ക് ധാരാളം വെള്ളം കിട്ടും അപ്പു അങ്ങനെ പറഞ്ഞുകൊണ്ട് കിണറിന്റെ അടുത്തേക്ക് ഓടി.അപ്പോൾ അവന് അൽഭുതം തോന്നി.അവൻ പറഞ്ഞു കിണറ്റിൽ ഒരു തുള്ളി വെള്ളം പോലും ഇല്ല.അവന് അപ്പോൾ മനസ്സിലായി മഴയും,കാറ്റും,തണുപ്പും എല്ലാം മനുഷ്യർക്ക് അത്യാവശ്യമാണ് എന്ന്.

അതിനു ശേഷം അവന് ഒന്നിനോടും വെറുപ്പുണ്ടായിട്ടില്ല......

********

സുമയ്യ



## രണ്ട് കൂട്ടുകാർ

ഒരിക്കൽ ഒരു ഗ്രാമത്തിൽ മീനുവും അവളുടെ അമ്മയും അച്ഛനും- കൊച്ചുവീട്ടിൽ താമസിച്ചിരുന്നു.മീനുവിന്റെ സ്ക്കൂൾ അടച്ചപ്പോൾ അവൾ

അമ്മൂമ്മയുടെ വീട്ടിൽ പോകാൻ വാശിപിടിച്ചു .അങ്ങനെ അവരെല്ലാവരും കൂടിഅമ്മൂമ്മയുടെ വീട്ടിൽ പോയി.വിടിന് ഉമ്മറത്ത് ബസ്സ് നിർത്തിയപ്പോൾ

അവൾക്ക് സങ്കടം ആയിരുന്നു.കാരണം അവൾക്ക് അവിടെ കളിക്കാൻ കൂട്ടുകാർ ഒന്നും ഇല്ലാത്തത് കൊണ്ടാണ്.മീനു ഇങ്ങനെയെല്ലാം ആലോചിച്ച് കൊണ്ട്- ഉമ്മറ തിണ്ണയിൽ നിന്നു .അപ്പോൾ ഒരു കൊച്ചു ആടിന്റെ ശബ്ദം അവളെ

ഞെട്ടിച്ചു.അവൾവീടിന്റെ എല്ലാ ഭാഗത്തും ആ ആട്ടിൻ കുട്ടിയെ അന്വേഷിച്ചു.അപ്പോൾ വരമ്പിന്റെ അരികിൽ നിന്ന് അവൾ കരയുന്നു.

മീനു അവളുടെ അടുക്കലേക്ക് ഓടി ചെന്നു. എന്നിട്ട് അവളെ പുന്നാരിച്ചു.

അവൾ തീറ്റയും കുടിയും എല്ലാം ഉപേക്ഷിച്ച് ആടിനെ മേയ്ച്ച് നടന്നു രാവിലെ മുതൽ വൈകുന്നേരം വരെ. മീനു ആ ആടിന് മണികുട്ടി എന്ന് ഓമനപ്പേര്നൽകി.

ആടിനെ വളരെയധികം മീനുവിന് ഇഷ്ടപ്പെട്ടു.അതുപോല തന്നെ ആട്ടിൻകുട്ടിക്കും.

അപ്പോൾ അമ്മൂമ്മ പറഞ്ഞു എടീ മീനു നീ നിന്റെ വീട്ടിലേക്ക് മണിക്കുട്ടിയെ-

കൊണ്ട് പോയ്ക്കോ . അവൾ മണിക്കുട്ടിയുമായി വീട്ടിലേയ്ക്ക് മടങ്ങി പോയി.

**അൽഫിയ അഷറഫ്**



## അമ്മക്ക് സ്വന്തം പുത്രനോടുള്ള വാൽസല്യം

ഒരു സ്ഥലത്ത് ഒരു കുടുംബം ഉണ്ടായിരുന്നു.അവർക്കു മക്കൾ ഉണ്ടായിരുന്നില്ല .അവർക്ക് അതിൽ വിഷമമുണ്ടായിരുന്നു.അങ്ങനെ ഇരിക്കെ അവർക്ക് കുഞ്ഞു പിറന്നു.അവനെ അവർ പൊന്നു പോലെ വളർത്തി.അങ്ങനെ ഇരിക്കെ അവന്റെ അച്ഛൻ മരിച്ചു. അമ്മ അവനെ ഒരിക്കലും പുറത്ത് വിടുകില്ല.അമ്മ അവനെ ഒരിക്കലും തല്ലിയിട്ടില്ല.ഒരു ദിവസം അമ്മ പണിയെടുത്തു കൊണ്ടിരിക്കുമ്പോൾ

അവൻ ഇറങ്ങി പോയി. അമ്മ അവനെ തല്ലി.അവൻ കരഞ്ഞു. അമ്മക്ക് വിഷമം ആയി. അവനെ എടുത്തുറക്കി.അവൻ എഴുന്നേറ്റപ്പോൾ അവന് കപ്പിപ്പാൽ കൊടുത്തു .എന്നിട്ടും അമ്മ അടുക്കളയിൽ പോയപ്പോൾ അവൻ ഇറങ്ങി പോയി .അവനെ അമ്മ റൂമിൽ പൂട്ടിയിട്ടു.അവന്റെ ബഹളം കേട്ട് സഹിക്കാനാവാതെ അമ്മ കെട്ടിപിടിച്ചു കരഞ്ഞു. അപ്പോൾ അമ്മ കരയുന്നതെന്തിനാണെന്നവൻ ചോദിച്ചപ്പോൾ അമ്മ പറഞ്ഞു .എനിക്ക് നീ മാത്രമേ ഉള്ളൂ നീക്കൂടെ പോയാൽ എനിക്കാരാ ഉള്ളത്.അത് കേട്ടപ്പോൾ അവൻെറ കണ്ണ് നിറഞ്ഞു.

ആഷ്ബിൻ



## ആശുപത്രിയിലെ കാഴ്ച്ചകൾ

അമ്മയോടൊപ്പം ആശുപത്രിയിൽ പോയതാണ് രാമു.അമ്മ മരുന്നുവാങ്ങാൻ നിൽക്കുന്ന സമയത്താണ് രാമു ആശുപത്രിയിലെ കാഴ്ച്ചകൾ കാണാൻ ഇറങ്ങിയത്.കുറച്ച്കഴിഞ്ഞ് രാമു അമ്മയുടെ അടുത്തേക്ക് കിതച്ച് കൊണ്ട് ഓടിവന്നു.എന്നിട്ട് ചോദിച്ചു -അമ്മേ അമ്മേ.കാശ്കൊടുത്താൽ ഇവിടെ കുട്ടികളെ വാങ്ങാൻ കിട്ടുമോ?

ങേ............രാമൂ, അതെന്താ അങ്ങിനെ ചോദിച്ചത്?

അമ്മേ അവിടെ ഒരു നേഴ്സ് ഒരു കുട്ടിയെ തൂക്കി നോക്കുന്നു.അതും നമ്മൾ കടയിൽ സാധനം വാങ്ങാൻ പോകുമ്പോൾ സാധനങ്ങൾ തൂക്കി കൊടുക്കും പോലെ .അപ്പോൾ അമ്മ പറഞ്ഞു. മോനെ അത് കുട്ടികളെ

വിൽക്കുന്നതല്ല.അവരുടെ രുക്കം നോക്കുന്നതാണ്.ഓ.....
എനിക്കറിയില്ലായിരുന്നു അമ്മേ .അന്നാ നമുക്കു എന്റെയും രുക്കം നോക്കാം.അങ്ങനെ രാമുവും അമ്മയും രുക്കം നോക്കാൻ പോയി..

**വിശാഖ് മനോജ്**



## *മഴ ആഗ്രഹിച്ചു നിന്നവൻ*

*എന്നും മഴ പെയ്താലുടൻ അവൻ പുറത്തിറങ്ങും. അവൻ എന്നും മഴ പെയ്യാനായി ആഗ്രഹിക്കും. പക്ഷേ ഒരു ദിവസം മാത്രം അവൻ ആഗ്രഹിച്ചതുപോലെ മഴ പെയ്തില്ല. അവന് കുറെയേറെ വിഷമം തോന്നി. അവന് ആ ദിവസം മുഴുവനും വിഷമങ്ങൾ മാത്രം. ഇന്നിങ്ങനെ പോവട്ടെ. നാളെ മഴ പെയ്യുമെന്ന് വിചാരിച്ച് അവൻ ആശ്വാസത്തോടെ ഇരുന്നു. എന്നാൽ അന്നു പെയ്തില്ല.അവന് വീണ്ടും വിഷമമായി. അങ്ങനെഅങ്ങനെ നാളെയും പിറ്റേന്നാളും പെയ്യുമെന്നും വിചാരിച്ചിരുന്നു. എന്നാൽ അവന്റെ ചിന്തകളെ അട്ടിമറിച്ചുകൊണ്ട് ഒരാഴ്ച മഴയൊന്നും പെയ്തില്ല. അവനാകെ ക്ഷീണിതനായി. രാവിലെയായാലും വൈകുന്നേരമായാലും രാത്രിയായാൽ പോലും മഴപെയ്യുന്നില്ല. പിറ്റേ ദിവസം അവന് കിടക്കയിൽനിന്നും എഴുന്നേൽക്കാൻ പോലും മടിയായിതുടങ്ങി. സ്കൂളിൽപോകാൻ അവനൊരു ദിവസം വൈകി . അന്ന് അവന്റെ അമ്മ അവനെ വടിയെടുത്ത് നല്ലവണ്ണം തല്ലുകൊടുത്തു. അവൻ മഴയെക്കുറിച്ചും അമ്മ തല്ലിയതിനെക്കുറിച്ചും വിചാരിച്ച് സ്കൂളിൽ എത്തിയപ്പോൾ അവന്റെ കണ്ണിൽ നിന്നും ഓരോ തുള്ളിവിതം*

ചാടാൻ തുടങ്ങി. അപ്പോൾ അവന് ഒരു കാര്യം മനസ്സിലായി.മഴതുള്ളികൾക്കു പകരം ഇന്ന് എന്റെ കണ്ണിൽ നിന്നാണ് കണ്ണീർ തുള്ളികൾ പെയ്യാൻ തുടങ്ങിയതെന്ന് അവന് സന്തോഷമായി. കാരണം ആകാശത്തു നിന്ന് മഴ പെയ്തില്ലെങ്കിലും എന്നിൽ നിന്നും മഴപെയ്തുവല്ലോ. അവൻ എന്നാലും മഴ പെയ്യാനായി ആഗ്രഹിച്ചു. പക്ഷെ അന്ന് അവന്റെ ചിന്തയെ ആഗ്രഹിച്ചതുപോലെ അട്ടിമറിച്ചു കൊണ്ട് വൈകുന്നേരം കനത്ത മഴപെയ്തു. അവന് വളരെയധികം സന്തോഷം തോന്നി. അവന്റെ കയ്യിൽ കുടയുണ്ടായിട്ടും അവൻ കുടചൂടാൻ ആഗ്രഹിച്ചില്ല. പെട്ടന്ന് തന്നെ അവൻ വീട്ടിലെത്തി അമ്മയോട് വേഗം ഭക്ഷണംതരാൻ പറഞ്ഞു.അമ്മയ്ക്ക് കാര്യം മനസിലായി . അവൻ ഹോം വർക്കുകൾ ചെയ്ത് സന്തോഷത്തോടെ കിടന്നുറങ്ങി. അന്ന് അവന്റെ അമ്മ അച്ഛനോട് പറഞ്ഞു. മഴ കാണാൻ അവനെന്നും ഇഷ്ടമായിരുന്നു. പക്ഷേ ഇന്നത്തെ മഴ അവന്റെ കണ്ണുകളെ ഈറനണിയിച്ചു. അവൻ സന്തോഷത്തോടെ സുഖമായി കിടന്നുറങ്ങി.

**വൈശാഖ്**



## അപ്പു

മഴ കാണാൻ അവനെന്നും ഇഷ്ടമായിരുന്നു . പക്ഷേ ഇന്നത്തേ മഴ അവന്റെ കണ്ണുകളെ ഈറനണിയിച്ചു . അവന്റെ പേരാണ് അപ്പു . അവൻ എന്ന് മഴ പെയ്താലും അവൻ മഴയത്ത് തുള്ളിച്ചാടി കളിക്കും .ഒരു ദിവസം ഒരു വലിയ മഴ പെയ്തു ,ഇടിവെട്ടി .അപ്പുവിന് വളരെ ഭയമായി.

ഒരു ദിവസം മുഴുവൻ മഴ നിലനിന്നു .പിറ്റേ ദിവസം രാവിലെയാണ്

*മഴ അവസാനിച്ചത് .മഴ കഴിഞ്ഞ് അപ്പു പുറത്തു പോയി .ഒത്തിരി വീടുകളും, കടകളും ,കൃഷികളും നശിച്ചു പോയി .അവന് ഒത്തിരി സങ്കടമായി .അവൻ ഇത്രയും പ്രതീക്ഷിച്ചില്ലായിരുന്നു.അവൻ ഓർത്തു എനിക്ക് മഴ ഇഷ്ടമാണ് ,പക്ഷേ അത് മറ്റുള്ളവരെ വേദനിപ്പിക്കരുത്. പാവപ്പെട്ടവർ ആ നാട്ടിൽ ഒത്തിരി പേരുണ്ട് .അവർ എത്ര കഷ്ടപെട്ടായിരിക്കും വീടും ,കടയുമെല്ലാം നിർമ്മിച്ചത്. അവൻ ഓടിവീട്ടിൽ പോയി അവൻ കൂട്ടി വച്ച എല്ലാ പൈസയും എടുത്തു . എന്നിട്ട് അവൻ വീട് നഷ്ടപ്പെട്ടവർക്കും കൃഷിനഷ്ടപ്പെട്ടവർക്കും സഹായമായി കൊടുത്തു. അവനും അവന്റെ അമ്മക്കും അച്ഛനും താമസിക്കാൻ ഒരു പുതിയ വീട് വാങ്ങിക്കാൻ വച്ച പൈസയായിരുന്നു അത്.അവന് എന്തു സ്നേഹമാണെന്ന് നോക്കു .അവനു ചെറിയ വീടായിട്ടും അവൻ ഏറ്റവും ഇഷ്ടപ്പെട്ട വീടുവയ്ക്കാൻ വെച്ച പൈസയായിരുന്നിട്ടും എനിക്കൊരു ചെറിയവീടെങ്കിലുമുണ്ടല്ലോ അവർക്ക് ഒന്ന് താമസിക്കാൻ വീടില്ലല്ലോ എനിക്ക് ഇത്രയുമില്ലേ എത്രയോ പേരുടെ വീടാണ് ഈ മഴ കൊണ്ട് നശിച്ചു പോയത് എന്ന് ചിന്തിച്ചാണ് അവൻ ആ പൈസകൊടുത്തത്. അങ്ങനെ അവൻ എല്ലാവരുടെയും മുൻപിൽ ആദരിക്കപ്പെട്ടവനായി.*

***ഫായിസ ഫർസാന***



## താറാവ്

ഒരിടത്ത് ഒരു താറാവ് ഉണ്ടായിരുന്നു താറാവിന് കുളിക്കാൻ കുളം ഒന്നും ഉണ്ടായിരുന്നില്ല.അപ്പോൾ താറാവ് മുൻപോട്ട് നടന്നു.കുറേ ദൂരം

പോയപ്പോൾ അവിടെ ഒരു കുളം കണ്ടു.അവിടെ ഇറങ്ങാൻ ചെന്നപ്പോൾ കുളത്തിന് കാവലായി ഒരു കുറുക്കൻ നിൽക്കുന്നുണ്ടായിരുന്നു.എന്റെ ചേട്ടന്റെ കുളത്തിൽ എന്റെ അനുവാദം ഇല്ലാതെ ആരാ ഇറങ്ങിയത്. കുറുക്കൻ കോപിഷ്ഠനായി.അപ്പോഴേയ്ക്കും ചേട്ടൻ വന്നു.ആരാ അത്.കുറുക്കൻ പറഞ്ഞു, താറാവേ, നീ ഓടിപ്പോയ്ക്കോ എന്റെ ചേട്ടൻ കണ്ടാൽ നിന്നെ തിന്നും നീ പൊയ്ക്കോ താറാവ് വിഷമത്തോടെ പോയി.താറാവ് വിണ്ടും വന്നു. കുറുക്കൻ ഇറങ്ങാൻ സമ്മതിച്ചില്ല.

ദാ അതുവഴി ഒരു ആന വന്നു ആന പറഞ്ഞു. ഈ കുളം നമ്മുടെ കാടിന്റെതാണ്. ഇത് എല്ലാവരുടെയും സ്വന്തം ആണ്. കാടിന്റേതല്ല എന്റെ ചേട്ടന്റെതാണ്.

അപ്പോൾ ആന ചോദിച്ചു?.നിന്റെ ചേട്ടൻ ജനിക്കുന്നതിന് മുമ്പ് ആരുടെതാണ് ഈ കുളം അപ്പോൾ പെട്ടെന്ന് ഒരു വാർത്ത. ചേട്ടൻ വെള്ളത്തിൽ വീണു താറാവും ആനയും ഓടി കുളത്തിന് മുന്നിലെത്തി. കുറുക്കൻ ചേട്ടാ.....ചേട്ടാ.... താറാവ് ഒന്നും നോക്കാതെ കുളത്തിൽ ഇറങ്ങി ചേട്ടനെരക്ഷിച്ചു പിന്നീട് താറാവ് കുളത്തിൽ കുളിക്കുകയും കളിക്കുകയും ചെയ്തു.പിന്നീട് മൂന്ന് പേരുംക്രൂട്ടുകാരായി.

*അസീഫ് സുധീർ*




## സങ്കടത്തിന്റെ ദിവസങ്ങൾ

പണ്ട് പണ്ട് കുട്ടനാട്ടിൽ ഒരു പാവപെട്ട കുടുംബത്തിലാണ് അപ്പു എന്ന കുട്ടി- താമസിക്കുന്നത്. അവർ ഒരു ചെറിയ കുടുംബമാണ്. അപ്പുവിന്റെ വിട്ടിൽ അചഛനും അമ്മയും ഒരു അനിയത്തിയും ഉണ്ട് . എല്ലാ വൈകന്നേരവും അവിടെ മഴയുണ്ടായിരുന്നു.മഴ അവന് വളരെ ഇഷ്ടമാണ്.അവൻ എന്നും മഴയത്തുകളിക്കും.അവന്റെ - അമ്മ എപ്പോഴും പറയും മഴയത്ത് കളിക്കരുതെന്ന്.അമ്മയുടെ വാക്ക് അനുസരിക്കാതെ അവൻ കളിക്കും അപ്പോൾ അനിയത്തിമുട്ടുകുത്തിവ -

ന്ന് അവന്റെ കൂടെകളിക്കും. അപ്പോൾ അവന്റെ അമ്മാവൻ കുട്ടിയെ-എടുത്ത് കൊണ്ട് പോകും. അങ്ങനെ വളരെ സന്തോഷത്തോടെയാണ്-അവൻ കഴിഞ്ഞിരുന്നത്.അങ്ങനെയൊരിക്കൽ മഴകാരണം പ്രളയം വരുന്നു എന്ന വാർത്തയറിഞ്ഞത് അന്ന് അവർക്കൊരു കല്ല്യാണം ഉണ്ടായിരുന്നു. അവർ അവിടെ പോയിതിരിച്ച് വന്നപ്പോൾ ആണ് അറിഞ്ഞത് അവരുടെ വിട്ടിൽ വെള്ളം കയറിയെന്ന് .

അവന്റെഅച്ഛനും അമ്മയക്കും വളരെ  സങ്കടമായി.അവർ കരഞ്ഞു കൊണ്ടിരിക്കുമ്പോഴാണ്  ഒരുപാട് ആളുകൾ വന്ന് അവരെ രക്ഷിച്ചത്.അങ്ങനെ മഴകാണാൻ ഇഷ്ടമായിരുന്ന അപ്പുവിന് അപ്പുവിന് മഴകാരണം  വീടുനഷ്ടപ്പെട്ടു.അങ്ങനെ വെള്ളം ഇറങ്ങി അവർ തിരിച്ചു വീട്ടിൽ പോയി.വീട്ടിലെ സാധനങ്ങൾ നഷിച്ചു പോയി അവന്റെ അമ്മ പറഞ്ഞു നമ്മുടെ എല്ലാം പോയി. ആ വിഷമം ഞാൻ അറിഞ്ഞു



അശ്വിൻ

## മനസ്സിൽ നിന്ന് മായാത്ത ദുരന്തം

അന്ന് ഞങ്ങൾ സ്കൂളിൽ പടിച്ച് കൊണ്ടിരിക്കുകയായിുന്നു.പെട്ടെന്നുള്ള ഇടിയും കാറ്റും മൂലം സ്കൂൾ നേരത്തെ വിട്ടു.ഞങ്ങൾ സ്കൂളിൽ നിന്ന് ഇറങ്ങിയപ്പോഴേക്കും വൻ ശബ്ദത്തിൽ ലൈൻ കമ്പികൾ പൊട്ടിതെറിച്ചു.പേടിച്ച് വിറച്ച് ഞങ്ങൾ  പതുക്കെ നടക്കാൻ തുടങ്ങി. റോഡുകളെല്ലാം വെള്ളം കൊണ്ട് നിറഞ്ഞിരുന്നു.പല ഭാഗത്തും ലൈൻ കമ്പികൾ പൊട്ടിക്കിടക്കുകയായിരുന്നു.വീട്ടിൽ എത്താറായപ്പോഴേക്കും അതി ശക്തമായ കാറ്റുമൂലം ഞങ്ങളുടെ കുടകൾ ഒടിഞ്ഞുപോയി.

ഞങ്ങളാകെ നനഞ്ഞു.വീട്ടിലെത്തിയപ്പോഴാണ് മരങ്ങൾ ഒടിഞ്ഞ് കിടക്കുന്നതായി കാണുന്നത്.പല ഭാഗത്തും ലൈൻ കമ്പികൾ പൊട്ടി വീണതുമൂലം കരണ്ട് ഉണ്ടായിരുന്നില്ല.രാവിലെ എഴുന്നേറ്റ്പത്രം നോക്കിയപ്പോളാണ് ഈ കാറ്റ് വൻനാശനഷ്ടങ്ങളാണ് ഉണ്ടാക്കിയതെന്ന്ഞാൻമനസ്സിലാക്കിയത്.പത്രങ്ങളിലെല്ലാം കാറ്റ് മൂലം സംഭവിച്ച നാശനഷ്ടങ്ങളെപ്പറ്റി മാത്രമാണ് എഴുതിയിരുന്നത്.ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു ദുരന്തമായിരുന്നു അത്.

*അഫ്ന നാസർ*



## മന്നത്ത് പത്മനാഭൻ

*കേരളത്തിലെ സാമൂഹിക സാമുദായിക നവോത്ഥാനത്തിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് മന്നത്ത് പത്മനാഭൻ. നായർ സർവീസ് സൊസൈറ്റിയുടെ സ്ഥാപകനാണ് ഇദ്ദേഹം. ഇദ്ദേഹത്തെ അന്നത്തെ രാഷ്ട്രപതി ഭാരത കേസരി സ്ഥാനം നൽകി ആദരിച്ചിട്ടുണ്ട്. പത്മഭൂഷൺ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.ചങ്ങനാശ്ശേരിയിൽ പെരുന്ന എന്ന ഗ്രാമത്തിൽ 1878 ജനുവരി മാസം രണ്ടാം തീയതി ബുധനാഴ്ചയാണ് ഇദ്ദേഹത്തിന്റെ ജനനം. സാധാരണപോലെ മറ്റുകുട്ടികൾക്കൊപ്പം അഞ്ചു വയസ്സിൽ എഴുത്തിനിരുത്തി. കരയിലെ കേശവൻ ആശാന്റെ കീഴിൽ പഠനം ആരംഭിച്ചു. അവിടെ നിന്നും നിലത്തെഴുത്തും എഞ്ചുവടിയും അദ്ദേഹം മനഃപാഠമാക്കി.1075-ൽ അദ്ദേഹത്തിന് സ്കോളർഷിപ്പോടുകൂടി തിരുവനന്തപുരത്ത് സർക്കാർ ട്രയിനിംഗ് സ്കൂളിൽ പഠിക്കാൻ അവസരം ലഭിച്ചു. ഉയർന്ന മാർക്കോടുകൂടിയുള്ള*

വിജയം വീണ്ടു പല സ്ക്രൂളുകളിലേയും പ്രഥമ അദ്ധ്യാപകനാകുവാൻ സഹായിച്ചു. 1069-ലെ കന്നിമാസത്തിൽ അദ്ദേഹത്തിന്റെ 16-ആം വയസ്സിൽ കാഞ്ഞിരപ്പള്ളി പ്രവൃത്തിപള്ളിക്കൂടത്തിലെ രണ്ടാം വാദ്ധ്യാരായി അദ്ദേഹത്തിന് കോട്ടയം റേഞ്ച് ഇൻസ്പക്ടരായിരുന്ന സി.കൃഷ്ണപിള്ള നിയമിച്ചു.
വളരെ ചെറിയ പ്രായത്തിൽ തന്നെ കോട്ടയം ജില്ലയിലെ ഒരു സർക്കാർ സ്ക്രൂളിൽ അദ്ധ്യാപകനായി ജോലിക്ക് ചേർന്നു. സ്വപ്രയത്നത്താൽ 1905 ൽ അദിഭാഷകനായി. 1901 ൽ അദ്ദേഹം മെച്ചേട്ടു കല്യാണിയമ്മയെ വിവാഹം ചെയ്തു. 1912-ൽ അവർ ആകസ്മികമായി മരണപ്പെട്ടു. ഈ ബന്ധത്തിൽ അദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു. പിന്നെ കുറച്ചു വർഷങ്ങൾക്ക് ശേഷം കവിയും എഴുത്തുകാരിയുമായിരുന്ന തോട്ടക്കാട്ട് മാധവിയമ്മയെ വിവാഹം കഴിച്ചു.1947- നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് അന്നത്തെ സി.പി. രാമസ്വാമി അയ്യർ ഭരണത്തിനെതിരെ സമരം ചെയ്തു. മുഹമ്മദ് ബഷീർ



## എന്നെ സ്വാധീനിച്ച വൃക്തി

എന്റെ ജീവിതത്തിൽ എന്നെ സ്വാധീനിച്ച ഒരു വ്യക്തിയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയുടേത് . .ഗാന്ധിജിയുടെ ജീവിതം ഏതൊരു ജനതയ്ക്കും വലിയൊരു ആശയം ആണ് നൽകുന്നത്.തന്റെ ജീവിതമാകുന്ന പാഠപുസ്തകം കൊണ്ട് ഭാരതത്തെ ഇരുട്ടിന്റെ  അന്ധകാരത്തിൽ നിന്ന് പകലിന്റ വെളിച്ചത്തിലേക്ക് നയിച്ച ഗാന്ധിജിയെ നാം അനുസ്മരിക്കേണ്ടതുണ്ട് 'എന്റെജീവിതമാണെന്റെസന്ദേശം",'

*അഹിംസയാണെന്റെ മതം".തുടങ്ങിയ സന്ദേശവും, പതറാത്ത മനസ് കൊണ്ട് ലോകജനതയ്ക്കു മുൻപിൽ ഇന്ത്യ എന്ന കൊച്ചു രാജ്യത്തെ ഉയർത്തികാട്ടിയതിനു പിന്നിലെ മഹാൻ മോഹൻദാസ് കരം ചന്ദ് ഗാന്ദിയാണ്.അഹിംസയിലൂടെ സ്വാതന്ത്ര്യത്തിന്റെ നിത്യ വസന്തത്തിലേക്ക് നമ്മെഎത്തിച്ച മഹാൻ.*   ***ഷാഹിദ് റിയാസ് IX***

## കേരളത്തെ വിറപ്പിച്ച പ്രളയം

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ഞെട്ടിവിറപ്പിച്ച മഹാസ൦ഭവമാണ് ഈ അടുത്തുണ്ടായ പ്രളയം......................... കേരളക്കരയെ തന്നെ വെള്ളത്തിലാഴ്ത്തിയ സ൦ഭവമാണിത്. സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും നാടായിരുന്നു കേരളം. യുവതലമുറയിലെ ജനങ്ങളുടെ ഓരോ ദുശ്ശീല പ്രവർത്തനം മൂലം കേരളം നശിച്ച് കൊണ്ടിരിക്കുന്നു. എന്നാൽ ജനങ്ങൾക്കിടയിലെ അകൽച്ചയും മതവൈരവും മാറ്റാൻ വേണ്ടിയാണ് ദൈവം ഈ പ്രളയം നമുക്ക് സമ്മാനിച്ചത് എന്നു തോന്നുന്നു. ആ സമ്മാനം ലഭിച്ചതോടെ കേരളക്കരയിലെ ജനങ്ങൾ കശുമ്പിൽ നിന്നും സമ്പത്തിനോടുള്ള ആർത്തിയിൽ നിന്നും മോചിതരായി. പരസ്പരം സഹായിച്ചു. ഈ പ്രളയം നമ്മിൽ നന്മയുണ്ടാക്കി.എന്നാൽ ഒരുപാട് പേർ നമ്മളിൽ നിന്ന് മണ്ണോട് ചേർന്നു.................

*ആദില സുധീർ*



## *രവീന്ദ്രനാഥ ടാഗോർ*

1861 മെയ് 6 ന് കൽക്കട്ടയിൽ ജനനം. നോബൽ സമ്മാനം ലഭിച്ച ഭാരതീയനാണ് രവീന്ദ്രനാഥ ടാഗോർ.1913 ൽ അദ്ദേഹഠ പ്രസിദ്ദീകരിച്ച 'ഗീതാഞ്ജലി' എന്ന കൃതിക്കാണ് നോബൽ സമ്മാനം ലഭിച്ചത്.

ടാഗോർ കലാസാംസ്കാരികരംഗങ്ങളിൽ ഭാരതമൊട്ടാകെ ആഴമേറിയ മുദ്ര പതിപ്പിച്ച നോബൽ സമ്മാന ജേതാവായ ബഹുമുഖ പ്രശസ്തപ്രതിഭയാണ്.'ഗുരുദേവ്'എന്ന്ആദരപൂർവം അദ്ദേഹം അഭിസംബോധന ചെയ്യപ്പെട്ടു.

കവി,തത്ത്വചിന്തകൻ,ദൃശ്യകലാകാരൻ,കഥാകൃത്ത്, നാടകകൃത്ത്,നോവലിസ്റ്റ്,സാമൂഹ്യപരിഷ്കർത്താവ്,എന്നീനിലകളിൽ പ്രശസ്ത്ൻ.മൂവായിരത്തോളം ചിത്രങ്ങൾ രചിച്ചു.തന്റെ ആദ്യ കവിത എട്ടാം വയസ്സിൽ രചിച്ചു.അദ്ദേഹത്തിൻെറ തൂലികാനാമം 'ഭാനുസിംഹൻ'എന്നായിരുന്നു.

1941 ഓഗസ്റ്റ് 7 ന് ജെറസാങ്കോവിൽ വച്ച് മരണമടഞ്ഞു.
ടാഗോറിന്റെ ചില <u>കവിതകൾ</u>

1. ആഫ്രിക്ക
2. കമാലിയ

3. മാനസി

4. സോണാർതോരി

5. ബാലക

6. ഗീതമാലി

നാടകങ്ങൾ

7. വാൽമീകി പ്രതിഭ

8. വിസർജ്ജൻ

9. രാൻ

ആത്മകഥ

10. ജീവൻ സ്മൃതി

11. ഛേരലേ ബേല

**അഹമ്മദ് ജബീർ**



## എന്റെ വിദ്യാലയം

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ നെല്ലിക്കുഴിയിലാണ് എന്റെ സ്കൂൾ സ്ഥിതി ചെയ്യുന്നത് . എന്റെ സ്കൂൾ കുന്നിന്റെ മുകളിലാണെങ്കിലും പ്രകൃതി രമണീയമാണ്.വളരെ മനോഹരമായ പൂന്തോട്ടങ്ങളും കൃഷിത്തോട്ടവും നിറഞ്ഞ എന്റെ സ്കൂൾ കാണാൻ എത്ര മനോഹരം.പൂന്തോട്ടങ്ങളിലെ പൂമ്പാറ്റകളെ കാണുമ്പോൾ സ്വർഗത്തിൽ വന്നതുപോലെ തോന്നും. കൃഷിത്തോട്ടത്തിൽ

നിന്ന് വിളവ് എടുക്കുമ്പോൾ പ്രകൃതിയിലെ സ്വന്തം കൃഷി തന്നെയാണ് എന്ന് തോന്നും.മഴക്കാലത്ത് എന്റെ സ്കൂളിൽ ജലസംഭരണികൾ ഉണ്ടാക്കി വയ്ക്കും . പരിസരത്ത് രോഗങ്ങൾ പടരാതെ സൂക്ഷിക്കാറുണ്ട് .വർഷത്തെ എല്ലാം പരിപാടികളും സന്തോഷത്തോടെയും വരവേൽക്കാറുണ്ട്. ഇങ്ങനെയുള്ള എന്റെ സ്കൂൾ എത്ര മനോഹരവും പ്രകൃതിസുന്ദരവും ആണ്.

*നെസ്റത്ത്*



## <u>'ചക്ക' പഴഞ്ചൊല്ലുകൾ</u>

*വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

*ചക്ക അധികം തിന്നാൽ ചുക്കുപയോഗിക്കേണ്ടി വരും.

*ചക്കയല്ലല്ലോ ചൂഴ്ന്ന് നോക്കാൻ.

*ചക്കയ്ക്ക് ചുക്ക്, മാങ്ങയ്ക്ക് തേങ്ങ.

*ഗ്രഹണി പിടിച്ചവർക്ക് ചക്കക്കൂട്ടാൻ കിട്ടിയപോലെ.

*ചക്ക പഴം മുറിക്കുന്നിടത്ത് ഈച്ച കൂട്ടം.

*ചക്കയ്ക്ക് തേങ്ങ കടംകൊണ്ടിട്ടെങ്കിലും കൂട്ടണം.

*അൽഫിയ അനസ്*



## വിജ്ഞാനത്തിന്റെ ഉറവിടം ഗണിതത്തിൽ

*ഏറ്റവും ചെറിയ എണ്ണൽ സംഖ്യഏത്?

Ans:1

*ഏറ്റവും ചെറിയ അഖണ്ഡസംഖ്യഏത്?

Ans:0

* ആദ്യത്തെ ഭാജ്യ സംഖ്യഏത്?

Ans:4

*റോമൻ സംഖ്യ അനുസരിച്ച് C ഏതു സംഖ്യയാണ്?

Ans:100

*ആദ്യത്തെ മാതൃകാ ഘനസംഖ്യ ഏത്?

Ans:8

*ഒരു സംഖ്യയുടെ രണ്ടിരട്ടിയും മൂന്നിരട്ടിയും തുല്യമാണ്. ഏതാണ് ആ സംഖ്യ?.

Ans:0

* ടെട്രഎന്ന പദം ഏതു സംഖ്യയെ സൂചിപ്പിക്കുന്നു?.

Ans:4

* 9 നെ അടിസ്ഥാനമാക്കിയുള്ള സംഖ്യാ വ്യവസ്ഥ യുടെപേരെന്ത്?

Ans:നോനറി

*നേർ കോൺ എത്രയാണ്?

Ans:180

*നേർരേഖയ്ക്ക് എത്ര അഗ്രബിന്ദുക്കളുണ്ട്?

Ans:അഗ്രബിന്ദുക്കളില്ല

ജെൽജോ ജോസ്



## അറിവുകളുടെ ലോകം

* അലഹബാദ് നഗരത്തിന്റെ പുതിയ പേര്?

Ans: പ്രയാഗ്രാജ്

* ഇന്ത്യയിലെ ആദ്യ ട്രൈബൽ  ടൂറിസം പദ്ധതി നിലവിൽ വന്ന സംസ്ഥാനം ഏത് ?

Ans:ഛത്തീസ്ഗഡ്

*ഇന്ത്യയിലെ ആദ്യസ്മാർട്ട് ഹരിത ഹൈവേ ?

Ans:ഈസ്റ്റൺ പെരിഫറൽ എക്സ്പ്രസ് വേ

*മാലദ്വീപിന്റെ പുതിയ പ്രസിഡന്റ്?

Ans:ഇബ്രാഹിം മുഹമ്മദ് സോലിഹ്

*2018 ലെ രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം നേടിയ ക്രിക്കറ്റ്താരം?

Ans:വിരാട് കോഹ്ലി

*നെസിയ മോൾ*



# കുസൃതി ചോദ്യങ്ങൾ

1*ലോകത്തിലെ ഏറ്റവും വലിയ ഗേറ്റ്?

ഉ: കോൾഗേറ്റ്.

2*എവിടെയും കിട്ടാത്ത മാവ്?

ഉ: ആത്മാവ്.

3*എവിടെയും കിട്ടുന്ന ലൈറ്റ്?

ഉ: കട്ട്ലൈറ്റ്.

4*കൈലിടാൻ പറ്റാത്ത വള?

ഉ: തവള.

5*കഴുത്തിലിടാൻ പറ്റാത്ത മാല?

ഉ: തിരമാല.

6*എവിടെയും കിട്ടുന്ന ചാർ ?

ഉ: അച്ചാർ.

7* ലോകത്തിലെ ഏറ്റവും വലിയ മാനം?

ഉ: വിമാനം.

8*ലോകത്തിലെ ഏറ്റവും വലിയ വില്ല്?

ഉ: മഴവില്ല്.

9*ഏറ്റവും വലിയ കുഴി?

ഉ: നെല്ലിക്കുഴി.

10*ഏറ്റവും വലിയ ജാം?

ഉ: ട്രാഫിക്ക് ജാം.

ആദില സുധീർ..



## പഴഞ്ചൊല്ലുകൾ

.പയ്യെത്തിന്നാൽ പനയും തിന്നാം

.ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

.കൈനനയാതെ മീൻ പിടിക്കണം

.എല്ല് മുറിയെ പണിതാൽ പല്ല് മുറിയെ തിന്നാം

.മടിയൻ മലചുമക്കും

.മത്തൻ കുത്തിയാൽ കുന്പളം മുളക്കില്ല

.ഒത്ത്പിടിച്ചാൽ മലയും പോരും

.വിത്തുഗുണം പത്തുഗുണം

.വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

.ഗതികെട്ടാൽ പുലി പുല്ലും തിന്നും

.ചക്കതിന്നുംതോറും പ്ലാവ് വയ്ക്കാൻ തോന്നും

.അണ്ണാറക്കണ്ണനും തന്നാലായത്

.മിന്നുന്നതെല്ലാം പൊന്നല്ല

.കാക്കക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ്

.ഇരുന്നിട്ടേ കാൽ നീട്ടാവൂ

.ചുണ്ടങ്ങ കൊടുത്ത് വഴുതനങ്ങ വാങ്ങരുത്

.കാക്ക കുളിച്ചാൽ കൊക്കാകുമോ

പട്ടിയുടെ വാൽ പന്തീരാണ്ട് കൊല്ലം കുഴലിൽ ഇട്ടാലും നിവരില്ല

സഹൽ സലീം





# സമർപ്പണം

സ്പർശം ഡിജിറ്റൽ നാഗസിന്റെ അരങ്ങിലും

അണിയറയിലും പ്രവർത്തിച്ച

എല്ലാവർക്കും നന്ദി അറിയിക്കുന്നതോടൊപ്പം

സ്കൂളിന്റെ വളർച്ചക്കും പുരോഗതിക്കും വേണ്ടി അക്ഷീണം

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കുമായി

ഈ മാഗസിൻ സമർപ്പിക്കുന്നു.

- Chief Editor